⇨ *സാമ്പത്തിക ഭരണരീതിയുടെ അടിസ്ഥാനവും ഈ രീതിയിലുള്ള തീരുമാനങ്ങളാണ്* ⇨

# ഗാഡ്ഗിൽ റിപ്പോർട്ടിന് വേണ്ടി, ലുലു ഷോപ്പിംഗ് മാളിന് എതിരെ

കാട്ടിൽ നിന്നും ഏറെ അകലെയുള്ള നഗരങ്ങളുടെ ആർത്തികൾ സാക്ഷാത്കരിക്കുന്നതിനും ആർഭാടങ്ങൾ നിലനിർത്തുന്നതിനുമായി കാട് ഒരു വിഭവമായി സംരക്ഷിക്കേണ്ടതുണ്ടോ എന്ന ചോദ്യം ഭാവനാത്മകമായി മുന്നോട്ട് വയ്ക്കുന്നു എന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ സാധ്യത. ആ ചോദ്യം പരിഗണിക്കാനേ തയ്യാറാകുന്നില്ല എന്നതുകൊണ്ടാണ് കസ്തൂരിരംഗൻ റിപ്പോർട്ട് അപ്രസക്തമാകുന്നത്.

**ഡോ. ടി.വി. സജീവ്**

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി കത്തോലിക്കസഭാ പുരോഹിതരുടെ മുൻകൈയിൽ ഡിസംബർ 4ന് കാലടി സമീക്ഷയിൽ വച്ചു നടന്ന യോഗത്തിൽ സംസാരിച്ചത്.

ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുണ്ടായ ബഹളങ്ങളെല്ലാം തന്നെ എന്താണ് റിപ്പോർട്ടിന്റെ ഉള്ളടക്കമെന്നും റിപ്പോർട്ട് നിലവിൽ വരാനുള്ള പശ്ചാത്തലമെന്തെന്നും തീർത്തും മനസ്സിലാക്കാതെയുള്ളവയായിരുന്നു. ഇന്ത്യാ ചരിത്രത്തിൽ, കേന്ദ്രസർക്കാർ നിയോഗിച്ച ഒരു കമ്മിറ്റിയും ഇത്ര സുതാര്യമായി പ്രവർത്തിച്ചുകൊണ്ട് പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടാകില്ല. എന്നിട്ടുമെന്തുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട് സ്വീകാര്യമാകാതെ പോയത് എന്ന് നാം വിലയിരുത്തേണ്ട സമയമാണിത്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ആത്മാംശം എന്ന് പറയാവുന്നത് പ്രധാനമായും മൂന്ന് കാര്യങ്ങളാണ്. അതിൽ ഏറ്റവും മുഖ്യമായത്, ഇന്ന് നാം ശീലിക്കപ്പെട്ട സാമ്പത്തിക ഭരണരീതിയിൽ നിന്നും പാരിസ്ഥിതിക ഭരണരീതിയിലേക്കുള്ള മാറ്റമാണ്. എന്താണ് സാമ്പത്തിക ഭരണരീതിയും പാരിസ്ഥിതിക ഭരണരീതിയും തമ്മിലുള്ള വ്യത്യാസം? ഒരു ചെറിയ ഉദാഹരണം പറഞ്ഞാൽ, വീടിന്റെ മുറ്റം മുഴുവൻ ഒരാൾ ടൈൽ പാകണോ വേണ്ടയോ എന്ന് തീരുമാനമെടുക്കേണ്ട സന്ദർഭത്തിൽ സ്വാഭാവികമായും ഒരാളുടെ തീരുമാനം കൈയിൽ പണമുണ്ടെങ്കിൽ ടൈൽ ഇടാം എന്നാകും. പണമില്ലെങ്കിൽ ഒഴിവാക്കും. സാമ്പത്തിക ഭരണരീതിയുടെ അടിസ്ഥാനവും ഈ രീതിയിലുള്ള തീരുമാനങ്ങളാണ്. അതിന് പകരം ഞാൻ മുറ്റം മുഴുവൻ ടൈൽ വിരിച്ചാൽ അതിന് താഴെയുള്ള മണ്ണിന് മഴപെയ്താൽ കുളിക്കാനാകില്ല, ശ്വസിക്കാനാകില്ല, അങ്ങനെ വന്നാൽ തൊട്ടടുത്തുള്ള കിണറുകളെല്ലാം വറ്റും എന്നെല്ലാമുള്ള പാരിസ്ഥിതികമായ ബോധ്യത്തെ അടിസ്ഥാനപ്പെടുത്തി പണമുണ്ടെങ്കിലും ടൈൽ പാകേണ്ട എന്ന് തീരുമാനിക്കുന്നതാണ് പാരിസ്ഥിതിക ഭരണരീതിയുടെ അടിസ്ഥാനം. ഇത്തരത്തിൽ, പണത്തിനേക്കാൾ മുഖ്യമായി പാരിസ്ഥിതികമായ ഗുണദോഷ വിചാരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു രാജ്യത്തിന്റെ ഭരണരീതി തീരുമാനിക്കേണ്ടത് എങ്ങനെയെന്ന നിർദ്ദേശങ്ങളാണ് ഗാഡ്ഗിൽ റിപ്പോർട്ട് പ്രധാനമായും മുന്നോട്ട് വച്ചത്.

രണ്ടാമതായി, ജനാധിപത്യത്തെക്കുറിച്ച് വളരെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് മുന്നോട്ട് വച്ചു എന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രാധാന്യം. നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന ജനാധിപത്യം ഇടവിട്ടുള്ള ജനാധിപത്യമാണെന്ന് പറയാം (truncated democracy). അഞ്ച് വർഷം കൂടുമ്പോൾ പോളിംഗ്

ബൂത്തിൽ പോവുകയും വോട്ടുചെയ്യുകയും ചെയ്താൽ പിന്നീട് ജനാധിപത്യത്തിൽ ഇടപെടാൻ ജനങ്ങൾക്ക് അവസരമുണ്ടാകുന്നത് അടുത്ത അഞ്ചാം വർഷമാണ്. ഇതിനെയാണ് ഇടവിട്ടുള്ള ജനാധിപത്യമെന്ന് പറയുന്നത്. ഇത്തരത്തിൽ ഇടവിട്ടുള്ള ജനാധിപത്യത്തെ തുടർച്ചയുള്ള ജനാധിപത്യമാക്കി മാറ്റുക എന്നതിന് ഗാഡ്ഗിൽ റിപ്പോർട്ട് വ്യക്തമായ ഊന്നൽ നൽകുന്നുണ്ട്. ജനങ്ങൾക്ക് ജനാധിപത്യത്തിൽ നിരന്തരം ഇടപെടാൻ അവസരം നൽകുകയാണ് തുടർച്ചയുള്ള ജനാധിപത്യത്തിന്റെ ലക്ഷ്യം. ഏറ്റവും താഴെത്തട്ടിലുള്ള ഗ്രാമസഭകളെ ശക്തിപ്പെടുത്തിക്കൊണ്ടാണ് അത് സാധ്യമാക്കാൻ കഴിയുന്നത്. ആനുകൂല്യവിതരണ സംവിധാനം എന്ന നിലയിൽ നിന്നും മാറി, ജനങ്ങൾക്ക് അവരെ സംബന്ധിച്ച തീരുമാനങ്ങളെടുക്കാൻ കഴിയുന്ന സ്ഥലമായി ഗ്രാമസഭകളെ വികസിപ്പിക്കുകയാണ് അതിന് വേണ്ടത്. അതിനുള്ള ഒരു ശ്രമം ഗാഡ്ഗിൽ റിപ്പോർട്ട് നിർദ്ദേശങ്ങളിൽ വ്യക്തമായി കാണാം.

വർഷങ്ങൾക്ക് മുമ്പുതന്നെ ഇതിനെക്കുറിച്ച് വ്യക്തതയുണ്ടായിരുന്ന ആളാണ് പ്രൊഫ. മാധവ് ഗാഡ്ഗിൽ. വളരെ പണ്ട്, ഗാഡ്ഗിലും രാമചന്ദ്രഗുഹയും ചേർന്നെഴുതിയ പ്രബന്ധങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഗാഡ്ഗിൽ-ഗുഹ ഫോർമുല എന്ന പേരിലാണ് അക്കാദമിക് വൃത്തങ്ങളിൽ അതറിയപ്പെട്ടിരുന്നത്. എന്താണ് ആ ഫോർമുല പയുന്നത്? ഒരു നാടിന്റെ ഭരണകൂടത്തിന് ആ നാടിനോടുള്ള പാരിസ്ഥിതികമായ മമത ആ നാടിന്റെ വിസ്തീർണ്ണവുമായി വിപരീത അനുപാതത്തിലായിരിക്കും എന്നതാണ് ഗാഡ്ഗിൽ-ഗുഹ ഫോർമുലയുടെ അടിസ്ഥാനം. എന്നുവച്ചാൽ, എത്ര ചെറിയ പ്രദേശമാണോ ഒരു ഭരണകൂടം ഭരിക്കുന്നത് അത്രയും മെച്ചപ്പെട്ടതായിരിക്കും അവിടുത്തെ പരിസ്ഥിതി എന്നർത്ഥം. അതനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിനായിരിക്കും ആ പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രശ്നത്തെ ഏറ്റവുമടുത്തുനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട് ജനാധിപത്യത്തെ കൂടുതൽ ആഴമേറിയതാക്കുന്നതിനായി അടിത്തട്ടിലുള്ള ജനവിഭാഗങ്ങൾക്കും അവരുടെ ഭരണസംവിധാനങ്ങൾക്കും തീരുമാനമെടുക്കാനുള്ള അധികാരം നൽകിയത്.

രാവണൻ കോട്ടകൾ പോലെയായിത്തീർന്ന സർക്കാർ വകുപ്പുകളെ സുതാര്യവും ജനപങ്കാളിത്തമുള്ളതുമാക്കിത്തീർക്കുക എന്നതായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിന്റെ മറ്റൊരു പ്രധാന ഉദ്യമം. നിലവിലുള്ള, കേന്ദ്രീകൃതാധികാര ഘടനയുള്ള സർക്കാർ സംവിധാനങ്ങളിലൂടെ പാരിസ്ഥിതി സംരക്ഷണം അസാധ്യമാണെന്ന് ഗാഡ്ഗിൽ കമ്മിറ്റിക്ക് വ്യക്തതയുണ്ടായിരുന്നു. ഉദാഹരണമായി വനം വകുപ്പിന്റെ കാര്യം തന്നെയെടുക്കാം. രാജസ്ഥാനിലെ സരിസ്ക കടുവാ സങ്കേതം എന്ന സംരക്ഷിത വന പ്രദേശത്ത് വനംവകുപ്പാണ് ഭരണം നടത്തുന്നത്. കടുവാ സങ്കേതം എന്നാണ് പേരെങ്കിലും സരിസ്കയിൽ പോകുന്നവരാരും അടുത്ത കാലത്തൊന്നും അവിടെ ഒരൊറ്റ കടുവയെപ്പോലും കണ്ടിട്ടില്ല. എന്നാൽ വനം വകുപ്പിന്റെ കണക്കുകളിൽ അവിടെ ധാരാളം കടുവകളുണ്ട്. എന്താണ് യാഥാർത്ഥ്യം എന്നറിയാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി ഫീൽഡ് ജീവനക്കാരുടെ ഇടയിൽ നടത്തിയ തെളിവെടുപ്പിൽ, കഴിഞ്ഞ ആറ് വർഷത്തിനിടയിൽ അവിടെ ഒറ്റ കടുവയെപ്പോലും ആരും കണ്ടിട്ടില്ല എന്ന ഞെട്ടിക്കുന്ന വിവരം പുറത്തുവന്നു. കടലാസിൽ മാത്രമുള്ള കടുവയെ സംരക്ഷിക്കുന്നതിനായാണ് അവിടെ വനംവകുപ്പ് പ്രവർത്തിക്കുന്നത്. മുകളിൽ നിന്നും താഴേക്കുള്ള അധികാരശ്രേണി നിലനിൽക്കുന്ന സംവിധാനമായതിനാൽ ഭയം കാരണം ആരും സത്യാവസ്ഥ റിപ്പോർട്ട് ചെയ്യാറില്ല. ഇത്തരത്തിൽ പേടിപ്പിച്ചുനിർത്തിയിട്ടുള്ള ഭരണസംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് പരിസ്ഥിതി സംരക്ഷണം സാധ്യമാകില്ല എന്ന വ്യക്തമായ ബോധ്യത്തിൽ നിന്നുകൊണ്ടാണ് ജനപങ്കാളിത്തത്തോടെയുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് ഊന്നൽ നൽകിയത്. ജനാധിപത്യ സമൂഹം എന്ന നിലയിൽ ഉറപ്പായും നാം കടന്നുപോകേണ്ട ഈ സാധ്യതകളാണ് ഗാഡ്ഗിൽ റിപ്പോർട്ട് തള്ളിക്കളഞ്ഞതിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

ഒരു നാടിന്റെ ഭരണകൂടത്തിന് ആ നാടിനോടുള്ള പാരിസ്ഥിതികമായ മമത, ആ നാടിന്റെ വിസ്തീർണ്ണവുമായി വിപരീത അനുപാതത്തിലായിരിക്കും എന്നതാണ് ഗാഡ്ഗിൽ-ഗുഹ ഫോർമുലയുടെ അടിസ്ഥാനം. എന്നുവച്ചാൽ, എത്ര ചെറിയ പ്രദേശമാണോ ഒരു ഭരണകൂടം ഭരിക്കുന്നത് അത്രയും മെച്ചപ്പെട്ടതായിരിക്കും അവിടുത്തെ പരിസ്ഥിതി.

**നിരോധനം വേണ്ടതില്ല**

ജനങ്ങളുടെ ഇടപെടലുകൾക്ക് നിരോധനം വരും എന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ വ്യാപകമായി ഉന്നയിക്കപ്പെട്ട പരാതി. എന്നാൽ നിരോധനം എന്ന സങ്കൽപ്പത്തെ തന്നെ വളരെ കൃത്യമായ നിലപാടുകളിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യുന്ന റിപ്പോർട്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട്. വലിയ ഡാമുകളും താപനിലയങ്ങളും വിമാനത്താവളങ്ങളും പോലെയുള്ള ബൃഹദ്പദ്ധതികൾക്ക് മാത്രമാണ് ഗാഡ്ഗിൽ ആകെ നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. സാധാരണ മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലും നിയന്ത്രണം റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നില്ല. കസ്തൂരിരംഗൻ റിപ്പോർട്ടാണ് പിന്നെയും പൂർണ്ണ നിരോധനം എന്ന നിർദ്ദേശം മുന്നോട്ട് വച്ചിരിക്കുന്നത്. എന്താണ് ഈ നിരോധനത്തിന്റെ പ്രശ്നം? നിരോധനം ഒരു അപകടം പിടിച്ചകാര്യമാണ് എന്നാണ് നമ്മുടെ മുൻ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഉദാഹരണമായി ഗുജറാത്തെടുക്കാം. സമ്പൂർണ്ണമായി മദ്യം നിരോധിച്ച സംസ്ഥാനമാണ് ഗുജറാത്ത്. എന്നാൽ ഗുജറാത്തിൽ എവിടെപ്പോയാലും നിങ്ങൾക്ക് മദ്യം സുലഭമായിക്കിട്ടും. നിരോധനം ജനങ്ങളെ മദ്യത്തിൽ നിന്നും അകറ്റിയിട്ടില്ല. സർക്കാറല്ല ഈ മദ്യം വിൽക്കുന്നത് എന്നതാണ് പ്രശ്നം. അനധികൃതമായി ലഭിക്കുന്ന മദ്യത്തിന്റെ നിലവാരമെന്താണ്? അതുകുടിച്ചാൽ കണ്ണുപോകുമോ? എന്നൊന്നും ഉറപ്പുവരുത്താൻ ഒരു സംവിധാനവുമില്ല. മാത്രമല്ല, നിരോധിക്കപ്പെട്ട ഒരു സാധനം നിങ്ങൾക്ക് എത്ര രൂപയ്ക്ക് വേണമെങ്കിലും മാർക്കറ്റിൽ വിൽക്കാം. അങ്ങനെ മദ്യനിരോധനം കൊണ്ട് ലാഭമുണ്ടായത് അവിടുത്തെ മദ്യ മാഫിയയ്ക്കാണ്. അവർ തടിച്ചുകൊഴുത്തു. ഇന്ന് ആരെങ്കിലും മദ്യനിരോധനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാൽ അവരാകും ആദ്യം അതിനെതിരെ രംഗത്തുവരുന്നത്. ഇതാണ് നിരോധനത്തിന്റെ പ്രശ്നങ്ങൾ. അത്തരത്തിലുള്ള, സമ്പൂർണ്ണ നിരോധനം എന്ന സങ്കൽപ്പം ഗാഡ്ഗിൽ റിപ്പോർട്ട് ഒരിടത്തും മുന്നോട്ട് വയ്ക്കുന്നില്ല. അതായിരുന്നു അതിന്റെ സാധ്യതയും. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ രംഗത്തുവന്ന ശക്തികൾ ബോധപൂർവ്വം ഇക്കാര്യം മറച്ചുവയ്ക്കുകയായിരുന്നു, കേരള സർക്കാർ ഉൾപ്പെടെ.



ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ഏറ്റവും ശക്തമായി രംഗത്തുവന്നത് ഹൈറേഞ്ച് സംരക്ഷണ സമിതിയോ കത്തോലിക്ക സഭയോ അല്ല, കേരളത്തിലെ സർക്കാർ വകുപ്പുകൾ തന്നെയായിരുന്നു. സർക്കാർ വകുപ്പുകൾ സുതാര്യവും ജനകീയവുമാക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ അവരെ സംബന്ധിച്ച് സഹിക്കാനേ കഴിയുന്നതായിരുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ശക്തമായ വാദങ്ങൾ അവർ സർക്കാർ തല യോഗങ്ങളിൽ ഉന്നയിച്ചു. ഗാഡ്ഗിൽ റിപ്പോർട്ട് പുറത്ത് വന്ന ശേഷമുള്ള ആദ്യ സർക്കാർ വകുപ്പുകളുടെ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ചർച്ചയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ചീഫ് സെക്രട്ടറി പറഞ്ഞു, ഞാൻ റിപ്പോർട്ട് ഓടിച്ചുവായിച്ചപ്പോൾ കേരളത്തിന്റെ അധികാരപരിധിയിലുള്ള കേന്ദ്രത്തിന്റെ കടന്നുകയറ്റമായും ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളിയായുമാണ് അതിനെ മനസ്സിലാക്കാൻ കഴിഞ്ഞത്. ചീഫ് സെക്രട്ടറിയുടെ ഈ അഭിപ്രായ പ്രകടനത്തെ ശരിവയ്ക്കാൻ മത്സരിക്കുകയായിരുന്നു തുടർന്ന് സംസാരിച്ച വകുപ്പ് തലവന്മാരെല്ലാം. അന്നുമുതൽ ഇന്നുവരെ ഗാഡ്ഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ നടന്ന എല്ലാ മീറ്റിംഗുകളിലും വിവിധ വകുപ്പുകൾ ശക്തമായ എതിർപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് ഈ എതിർപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർക്കും വായിക്കാവുന്നതാണ്.

**ഓർക്കുന്നുണ്ടോ ഉത്തരാഖണ്ഡ്?**

കേരളത്തിന്റെ മുഖ്യമന്ത്രിയും കോൺഗ്രസ് പാർട്ടിയുടെ സംസ്ഥാന അധ്യക്ഷനും ചേർന്ന് കഴിഞ്ഞയാഴ്ച പ്രധാനമന്ത്രിയെക്കണ്ട് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നത് മരവിപ്പിക്കണമെന്ന് ആവ

നമുക്കൊരു പ്രശ്നമുണ്ടായാൽ അത് കേൾക്കാൻ ആരുമില്ലാത്ത അവസ്ഥ. ഈ അനാഥത്വത്തിൽ നിന്നും പുറത്തുകടക്കാനുള്ള ഒരു സാധ്യതയായിരുന്നു ജനാധിപത്യത്തിന്റെ ഏറ്റവും വിശാലാർത്ഥത്തിലുള്ള പ്രയോഗത്തിലൂടെ ഗാഡ്ഗിൽ റിപ്പോർട്ട് തുറന്നുതന്നത്. അതുകൊണ്ടാണ്, കേവലം പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഒരു റിപ്പോർട്ട് എന്നതിനപ്പുറം ഗാഡ്ഗിൽ റിപ്പോർട്ട് ഒരു രാഷ്ട്രീയരേഖയായി മാറുന്നത്.

ശ്യപ്പെട്ടു. ഈ വാർത്ത കണ്ടപ്പോൾ സമാനമായ ഒരു സംഭവം എനിക്ക് ഓർമ്മവന്നു. വർഷങ്ങൾക്ക് മുമ്പ്, ഉത്തരാഖണ്ഢ് സംസ്ഥാനത്തിലെ ഗോമുഖ് മേഖലയെ പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കണം എന്ന ആവശ്യം ഉയർന്ന സമയത്ത്, ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് പ്രധാനമന്ത്രിയെക്കണ്ട് കേരളം ഇന്നാവശ്യപ്പെട്ടതുപോലെ തങ്ങളെ പരിസ്ഥിതി ലോല മേഖലയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. വികസനം തടസ്സപ്പെടുമെന്നും ഇന്ത്യയുടെ തന്നെ വളർച്ചാ നിരക്കിനെ അത് ദോഷകരമായി ബാധിക്കുമെന്നും ആയിരുന്നു അവരുടെ വാദം. ഉത്തരാഖണ്ഢ് ഒഴിവാക്കപ്പെട്ടു.

അതിനുശേഷം എന്താണ് ഉത്തരാഖണ്ഢിൽ സംഭവിച്ചതെന്ന് നമുക്കറിയാം. 43 ഗ്രാമങ്ങളാണ് കഴിഞ്ഞ മഴക്കാലത്ത് ഒലിച്ചുപോയത്. എത്ര പേർ മരണപ്പെട്ടു എന്നതിന് ഇന്നും കണക്കില്ല. മഴപെയ്തതിനെത്തുടർന്ന് ജലനിരപ്പ് ഉയരുകയും വെള്ളത്തിന് പോകാൻ വഴിയില്ലാത്തവിധം അശാസ്ത്രീയ നിർമ്മാണങ്ങൾ പെരുകുകയും ചെയ്തതോടെ സമ്മർദ്ദശക്തിയാൽ വെള്ളം അണപൊട്ടിയൊഴുകി. ഇന്ത്യകണ്ട ഏറ്റവും വലിയ പാരിസ്ഥിതിക ദുരന്തമായി സംഭവം മാറി. ഭരണ-പ്രതിപക്ഷങ്ങൾ ചേർന്ന് ഒഴിവാക്കിയെടുത്ത തീരുമാനമാണ് ദുരന്തത്തിന് കാരണമായിത്തീർന്നത്. കേരളത്തിലെ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടതും സമാനമായ ആവശ്യമുന്നയിച്ചാണ്, വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകരുത്.

**എന്താണ് ഇവർക്ക് സംഭവിച്ചത്?**

കുറച്ചുനാൾ മുമ്പ്, ഞാൻ ജോലിചെയ്യുന്ന സ്ഥാപനത്തിന് സമീപത്തുള്ള പാണ്ടിപ്പറമ്പ് എന്ന സ്ഥലത്തെ ജനങ്ങൾ അവിടെയുള്ള പാറമടകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കെതിരെ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നാവശ്യപ്പെട്ട് ഓഫീസിൽ വന്നിരുന്നു. കുറച്ച് വർഷങ്ങൾക്ക് മുമ്പ് അതൊരു ചെറിയ പാറമടയായിരുന്നു. ഇന്ന്, എപ്പോൾ വേണമെങ്കിലും ആരുടെയും വീട്ടിൽ പാറക്കല്ല് തെറിച്ചുവീഴുന്ന അവസ്ഥയാണുള്ളത്. പലരും നാടുവിട്ടുപോയി. പകൽ സമയത്ത് പോലും ഒരു മണിക്കൂറിനുള്ളിൽ അറുപതിൽപരം ലോറികളാണ് വീടുകൾക്ക് മുന്നിലൂടെ കടന്നുപോകുന്നത്. പഞ്ചായത്തുമെമ്പർമാർ മുതൽ മന്ത്രിമാർക്കും കളക്ടർക്കും വരെ നാട്ടുകാർ പരാതി നൽകിയിട്ടും ഒന്നും സംഭവിച്ചില്ല. എന്തുകൊണ്ടാണ് ജനങ്ങളെ സഹായിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളൊന്നും അവരുടെ സഹായത്തിനെത്താത്തത്? നമ്മുടെ കൈയിൽ നിന്നും പണം പിരിച്ച് പ്രവർത്തിച്ചിരുന്ന രാഷ്ട്രീയ പാർട്ടികളുടെ കാലം കഴിഞ്ഞു എന്നതാണ് പ്രധാന കാരണം. അവർക്ക് ജനങ്ങളുടെ സഹായം ഇന്നാവശ്യമില്ല. ക്വാറി മുതലാളിയെ വിളിച്ചുപറഞ്ഞാൽ പണം പാർട്ടി ഓഫീസിലെത്തും. അയാൾക്ക് അതിനുള്ള ഉപകാരം പാർട്ടി പ്രവർത്തകർ ചെയ്തുകൊടുക്കും. പാണ്ടിപ്പറമ്പുകാർ പാറമടയ്ക്കെതിരെ നാട്ടിലുള്ള ജനങ്ങളെയെല്ലാം വിളിച്ചുചേർത്ത് വിപുലമായ ഒരു കൺവെൻഷൻ നടത്താൻ തീരുമാനിച്ചപ്പോൾ അതേ ദിവസം തന്നെ എല്ലാ മുഖ്യപാർട്ടികളും അവരുടെ കുടുംബയോഗങ്ങൾ വിളിച്ചുചേർത്ത് അതിനെ പൊളിച്ചു. വിഭവങ്ങൾ അന്യമാകുന്ന ജനതയ്ക്ക് രാഷ്ട്രീയപാർട്ടികളെ വിശ്വസിക്കാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുന്നു.

വിഭവചൂഷണം നടത്തുന്നവരുടെ സാമ്പത്തിക പിന്തുണകൊണ്ടാണ് പ്രമുഖ രാഷ്ട്രീയ പാർട്ടികളെല്ലാം പ്രവർത്തിക്കുന്നത്. ഇവർക്കിടയിൽ ജനങ്ങൾ അനാഥരായിമാറുന്നു. കേരളത്തിലെ ജനങ്ങൾ ശരിക്കും ഇന്നൊരു അനാഥാലയത്തിലാണ് കഴിയുന്നതെന്ന് പറയാം. നമുക്കൊരു പ്രശ്നമുണ്ടായാൽ അത് കേൾക്കാൻ ആരുമില്ലാത്ത അവസ്ഥ. ഈ അനാഥത്വത്തിൽ നിന്നും പുറത്തുകടക്കാനുള്ള ഒരു സാധ്യതയായിരുന്നു ജനാധിപത്യത്തിന്റെ ഏറ്റവും വിശാലാർത്ഥത്തിലുള്ള പ്രയോഗത്തിലൂടെ ഗാഡ്ഗിൽ റിപ്പോർട്ട് തുറന്നുതന്നത്. അതുകൊണ്ടാണ്, കേവലം പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഒരു റിപ്പോർട്ട് എന്നതിനപ്പുറം ഗാഡ്ഗിൽ റിപ്പോർട്ട് ഒരു രാഷ്ട്രീയരേഖയായി മാറുന്നത്.

ജനങ്ങളുടെ പങ്കാളിത്തവും പൂർണ്ണമായ സഹകരണവുമില്ലാതെ പരിസ്ഥിതി സംര

ക്ഷിക്കാൻ കഴിയില്ലെന്നുപറഞ്ഞ ഗാഡ്ഗിലിനെ പ്രതിഷേധക്കാരെല്ലാം ചേർന്ന് ജനവിരുദ്ധനാക്കി. ജനങ്ങളുടെ തീരുമാനങ്ങൾക്ക് മുൻഗണന ലഭിക്കുന്നതിനായി ഗ്രാമസഭകളെ കൂടുതൽ സമ്പന്നമാക്കണമെന്നാണ് ഗാഡ്ഗിൽ റിപ്പോർട്ട് പറഞ്ഞത്. പ്രധാനപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള ഉത്തരവാദിത്തം സാധാരണക്കാരായ ജനങ്ങളെയും അക്ഷരാഭ്യാസമില്ലാത്ത ആദിവാസികളെയും എങ്ങനെ ഏൽപ്പിക്കാൻ കഴിയും എന്നാണ് ഇതേ കാര്യത്തെക്കുറിച്ച് കസ്തൂരിരംഗൻ കമ്മിറ്റി ചോദിക്കുന്നത്. അതാണ് ഈ റിപ്പോർട്ടുകളുടെ അടിസ്ഥാന വ്യത്യാസം. പശ്ചിമഘട്ടം സംരക്ഷിക്കേണ്ടത് ആരാണെന്ന് ഞങ്ങൾ തീരുമാനിക്കുമെന്ന് കസ്തൂരിരംഗൻ കമ്മിറ്റി പറയുമ്പോൾ ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നു, പശ്ചിമഘട്ട മേഖലയിൽ സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളുണ്ട്. അവയുടെ അതിർത്തി ഏതെന്നും സംരക്ഷണരീതി എന്തെന്നും ആ നാട്ടിൽ ജീവിക്കുന്ന ജനങ്ങൾ തന്നെ തീരുമാനിക്കണം.

പശ്ചിമഘട്ട സംരക്ഷണം അട്ടിമറിക്കപ്പെടുന്നതിലൂടെ നഷ്ടപ്പെടാൻ പോകുന്നത് മലയാളം എന്നൊരുവാക്കാണ്. മലയും ആഴവും ചേർന്നുള്ള ഭൂപ്രദേശമാണ് മലയാഴവും പിന്നീട് മലയാളവുമായി മാറിയത്. ഇവിടെ ജെ.സി.ബികൾ ഇന്ന് നന്നായി പ്രവർത്തിക്കുന്നുണ്ട്. ഡിറ്റണേറ്ററുകൾ നന്നായി പൊട്ടിത്തെറിക്കുന്നുണ്ട്. മലകളെല്ലാം കുഴികളായി മാറിക്കഴിഞ്ഞു. മലപൊട്ടിച്ചെടുക്കുന്ന കല്ലിന് നാം കൊടുക്കുന്ന വില ഒരിക്കലും ആ കല്ലിന്റെ വിലയല്ല. കല്ല് പൊട്ടിക്കാനുപയോഗിക്കുന്ന ഡിറ്റണേറ്ററിന്റെയും അത് കൊണ്ടുപോകാനുള്ള ലോറി ഓടുന്നതിന്റെയും വിലവച്ചാണ് കല്ലിന്റെ വിലയെ നാം ഇന്നളക്കുന്നത്. കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കിടയിൽ പാറയിൽ നിന്നും നേരിട്ട് മണലുണ്ടാക്കുന്ന രീതിയിലേക്ക് കേരളം മാറിയതോടെയാണ് ഇവിടെ പാറപൊട്ടിക്കൽ വ്യാപകമാകുന്നത്. അതിനുമപ്പുറം പാറയിൽ നിന്നും പെട്രോളിയം ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യതകളെക്കുറിച്ച് ലോകത്ത് പലയിടങ്ങളിലും അന്വേഷണങ്ങൾ നടക്കുന്നുണ്ട്. അതുകൂടി യാഥാർത്ഥ്യമായാൽ എന്താകും നമ്മുടെ സ്ഥിതി. ഭൂമിയെ ഉഴുതുമറിക്കാനുള്ള സർവ്വവിധ സാധ്യതകളും അന്വേഷിക്കപ്പെടുന്ന കാലത്താണ് ഗാഡ്ഗിൽ റിപ്പോർട്ട് തള്ളിക്കളഞ്ഞത് എന്നതാണ് നമുക്ക് മുന്നിലുള്ള ഭീഷണികളെ കൂടുതൽ ഭീതിജനകമാക്കുന്നത്.

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെ പ്രതിഷേധങ്ങളും സംശയങ്ങളും വ്യാപകമായ കാലത്താണ് ഞങ്ങളുടെ ഓഫീസിൽ ജനങ്ങളുടെ സംശയനിവാരണത്തിനായി ഒരു ഹെൽപ്ഡസ്ക് പ്രവർത്തനമാരംഭിച്ചത്. ആദ്യരണ്ട് ദിവസങ്ങളിൽ ഫോണെടുത്താൽ തെറിവിളികൾ മാത്രമാണ് കേൾക്കാൻ കഴിഞ്ഞത്. പതിയെ കാര്യങ്ങളറിയാനുള്ള സത്യസന്ധമായ വിളികൾ വന്നു തുടങ്ങി. സ്ഥലം വിൽക്കാൻ പറ്റുമോ, വീടിന് പച്ച പെയിന്റടിക്കേണ്ടിവരുമോ തുടങ്ങിയ രണ്ട് റിപ്പോർട്ടുകളിലും പറയാത്ത കാര്യങ്ങളാണ് സംശയങ്ങളായി ഏറെയും ഉന്നയിക്കപ്പെട്ടത്. കേരളം പോലെ ഇത്രയേറെ സാക്ഷരരായ ജനങ്ങൾ ജീവിക്കുന്ന ഒരു സംസ്ഥാനത്ത് പ്രസിദ്ധീകരിക്കപ്പെട്ട രണ്ട് റിപ്പോർട്ടുകൾക്ക് മേൽ എങ്ങനെയാണ് ഇത്രയേറെ നുണകൾ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടത്. ജനങ്ങളെ ആശങ്കയിലാഴ്ത്തിയ നുണകൾ പ്രചരിക്കപ്പെട്ടതിന്റെ പ്രധാന ഉത്തരവാദി കത്തോലിക്കസഭ തന്നെയായിരുന്നു. അവർ പുറത്തിറക്കിയ മൂന്ന് ഇടയലേഖനങ്ങളാണ് ഈ നുണകൾക്ക് അടിത്തറയൊരുക്കിയത്. നുണകൾ ഇടയലേഖനമായിറക്കുന്ന സാഹചര്യത്തിലേക്ക് സഭ എന്തുകൊണ്ടാണ് എത്തിച്ചേർന്നത്? ആരുടെ താത്പര്യമാണ് പള്ളികൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത്? എതിർവാദമുന്നയിച്ചവർക്ക് സംസാരിക്കാൻ പോലും അവസരം തരാത്തവിധമുള്ള ഫാസിസ്റ്റ് സംസ്കാരത്തിലേക്ക് കത്തോലിക്കസഭ തീർത്തും വഴുതിവീണത് അപലപനീയമായ കാര്യമാണ്. ഞാൻ പരിചയപ്പെട്ട ബൈബിളിലെ ക്രിസ്തു ഇവരെ പള്ളികളിൽ നിന്നും അടിച്ചോടിക്കുമായിരുന്നു. ക്രിസ്തുവിന്റെ സാന്നിധ്യം ഒട്ടുമില്ലാത്ത കുറേ സ്ഥാപനങ്ങൾ മാത്രമാണ് സഭയെന്ന് ബോധ്യമായ നാളുകളാണിത്.

**നഗരമാണ് കാടിന്റെ ശത്രു**

ഒരുകാര്യം ഉറപ്പിച്ചുപറയാം. കാട്ടിനുള്ളിൽ താമസിക്കുന്ന ആദിവാസികളോ, കാടിന്റെ അതിരിൽ താസിക്കുന്ന കർഷകരോ അല്ല കാടിന്റെ ശത്രുക്കൾ. കാട്ടിൽ നിന്നും ഏറെ അകലെയുള്ള നഗരങ്ങളാണ് കാടിനെ ഇല്ലാതാക്കുന്നത്. കൊച്ചിയും തിരുവനന്തപുരവും കോഴിക്കോടും പോലെയുള്ള വൻ നഗരങ്ങൾക്ക് ആവശ്യമായ ഊർജ്ജോപഭോഗത്തിന് വേണ്ടിയാണ് കാടിന്റെ വലിയ ശതമാനം നശിപ്പിക്കപ്പെടുന്നത്. ഉദാഹരണമായി ലുലു ഷോപ്പിംഗ് മാളിന്റെ കാര്യം തന്നെയെടുക്കാം. ഒരു വലിയ പ്രദേശത്ത്, ഒരു വലിയ കെട്ടിടം കെട്ടിപ്പൊക്കി, അതുമുഴുവൻ രാത്രിയിലും പകലും എയർകണ്ടീഷൻഡായി നിർത്താൻ ആവശ്യമായ ഊർജ്ജം ആരാണ് ലു

⇨ ഇതേ സംശയം തന്നെയാണ് പണ്ട് ബ്രിട്ടീഷുകാരും ചോദിച്ചിരുന്നതെന്ന് നമ്മൾ ഓർക്കുന്നത് നല്ലതാണ് ⇨



എറണാകുളത്തെ ലുലു ഷോപ്പിംഗ് മാളിന്റെ ഉദ്ഘാടന വേളയിൽ

ലു മാളിന് നൽകുന്നത്? എത്രയോ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യപ്പെട്ട ഊർജ്ജമാണത്. ഐസ് സ്കേറ്റിംഗ് കളിക്കുന്നതിനായി വലിയൊരു പ്രദേശം മഞ്ഞുമലയായി നിർത്തിയിട്ടുണ്ട് ലുലുമാളിൽ. അങ്ങനെയൊരു മഞ്ഞുമല കേരളത്തിൽ സൃഷ്ടിക്കണമെങ്കിൽ എത്രമാത്രം ഊർജ്ജം വേണ്ടിവരുമെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരം ആർഭാട ഊർജ്ജോപഭോക്താക്കൾക്ക് വേണ്ടിയാണ് കാട് മുടിച്ച് അതിരപ്പിള്ളിപോലെ മനോഹരമായ ഒരു സ്ഥലത്ത് ഡാം കെട്ടണമെന്ന് ചിലർ മുറവിളികൂട്ടുന്നത്.

കാട്ടിൽ നിന്നും ഏറെ അകലെ താമസിക്കുന്നവരുടെ ഊർജ്ജോപഭോഗത്തിന് വേണ്ടിയാണ് കാട് വിഭവമായി സംരക്ഷിക്കപ്പെടുന്നത്. ആ യാഥാർത്ഥ്യം മനസ്സിലാക്കാനുള്ള ശേഷി കസ്തൂരിരംഗൻ റിപ്പോർട്ട് കാണിച്ചിട്ടില്ല. അതിന് പകരം അവർ പറഞ്ഞത് അത്യന്തം അപകടകരമായ പശ്ചിമഘട്ട വികസന പദ്ധതി എന്ന പരിപാടിയെക്കുറിച്ചാണ്. പശ്ചിമഘട്ട മേഖലയുടെ വികസനം മന്ദഗതിയിലായതിനാൽ അതിന്റെ വേഗം കൂട്ടാൻ പ്രസ്തുത മേഖലയിലെ എം.പിമാർക്ക് നിശ്ചിത തുക ഫണ്ടായി അനുവദിക്കണമെന്നതാണ് പണ്ടേ നിലവിലുള്ള പശ്ചിമഘട്ട വികസന പരിപാടിയുടെ ലക്ഷ്യമായി പറയപ്പെട്ടിട്ടുള്ളത്. വികസനത്തിനും വളർച്ചയ്ക്കുമായിരുന്നു അതിന്റെ ഊന്നൽ. വലിയ തോതിൽ ഫണ്ട് ചെലവഴിക്കുകയും എങ്ങുമെത്താതെപോവുകയും ചെയ്ത ഒരു പരിപാടിയാണത്. വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് കിട്ടുന്ന കാര്യമായതിനാൽ പ്രസ്തുത മേഖലയിലെ എം.പിമാർക്കെല്ലാം പരിപാടിയോട് വലിയ താത്പര്യമായിരുന്നു. പരിപാടിയുടെ തുടക്കകാലത്ത്, തങ്ങളുടെ പ്രദേശം കൂടി പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെടുത്തി കിട്ടുമോ എന്ന് അന്വേഷിച്ചു നടക്കുകയായിരുന്നു പല എം.പിമാരും. അവർ തന്നെയാണ്, ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ട് വന്നശേഷം തങ്ങളുടെ പ്രദേശത്തെ എങ്ങനെയെങ്കിലും പശ്ചിമഘട്ടത്തിൽ നിന്ന് പുറത്താക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നന്വേഷിക്കുന്നത്. ഫണ്ട് കിട്ടുന്നതിനായി മാത്രം പരിഗണിക്കപ്പെട്ടിരുന്ന ഈ പരിപാടിയിലേക്ക് ആയിരം കോടി രൂപ പ്ലാനിംഗ് ബോർഡ് നൽകണമെന്നും കസ്തൂരിരംഗൻ പറഞ്ഞിട്ടുണ്ട്. സമാനമായ വികസന സങ്കൽപ്പം തന്നെയാണ് കസ്തൂരിരംഗൻ കമ്മിറ്റിയിലൂടെയും പ്രതിഫലിച്ചിരിക്കുന്നത്.

**ഗ്രാമസഭകളെ എങ്ങനെ വിശ്വസിക്കും?**

ഗാഡ്ഗിൽ റിപ്പോർട്ട് തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഗ്രാമസഭയിൽ നിക്ഷിപ്തമാക്കി എന്ന് പറയുമ്പോൾ വ്യാപകമായി ഉന്നയിക്കപ്പെടാറുള്ള സംശയമാണ് ഗ്രാമസഭകൾക്ക് അതിനുള്ള പ്രാപ്തിയുണ്ടോ എന്നത്. ഒരു ഗ്രാമസഭ കാട് വേണ്ട എന്ന് തീരുമാനിച്ചാൽ എന്തുചെയ്യും എന്നാണ് പലരുടെയും സംശയം. ഇതേ സംശയം തന്നെയാണ് പണ്ട് ബ്രിട്ടീഷുകാരും ചോദിച്ചിരുന്നതെന്ന് നമ്മൾ ഓർക്കുന്നത് നല്ലതാണ്. സ്വാതന്ത്ര്യലബ്ധിയുടെ കാലത്ത്, വിവരവും വിദ്യാഭ്യാസവുമില്ലാത്ത ഇന്ത്യക്കാരെ എങ്ങനെ ഭരണമേൽപ്പിക്കും? അവർക്ക് ഭരിക്കാനറിയുമോ? അതുകൊണ്ട് ഞങ്ങൾ തന്നെ ഭരണം തുടരുന്നതല്ലേ നല്ലത്? കാടെല്ലാം വെട്ടിവെളുപ്പിച്ച് കപ്പലുണ്ടാക്കാൻ കൊണ്ടുപോവുകയും സ്വഭാവികമരങ്ങൾ വെട്ടിമാറ്റി തേയിലയും തേക്കും പ്ലാന്റ് ചെയ്യുകയും ചെയ്ത ബ്രിട്ടീഷുകരുതന്നെയാണ് ഇന്ത്യ ക്കാർക്ക് ഭരിക്കാനുള്ള വിവരമുണ്ടോ എന്ന് സന്ദേഹിച്ചിരുന്നത്. അന്ന് ബ്രിട്ടീഷുകാർ പറഞ്ഞിരുന്ന ന്യായമാണ് ഗ്രാമസഭകൾക്ക്, ജനങ്ങൾക്ക് അധികാരം നൽകണമെന്ന് പറയുമ്പോൾ നമ്മുടെ ഭരണകൂടങ്ങളും ഇന്ന് പറയുന്നത്. ജനങ്ങളെ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണചുമതല ഏൽപ്പിച്ചാൽ അവർ അത് നശിപ്പിക്കുമെന്ന് പറയാൻ ഭരണകൂടങ്ങൾക്ക് എന്ത് ധാർമ്മികതയാണുള്ളത്?

പരിസ്ഥിതി എങ്ങനെയാണ് സംരക്ഷിക്കപ്പെടേണ്ടത് എന്നതിനെക്കുറിച്ച് അറിവും

പ്രായോഗികജ്ഞാനവുമുള്ളവരാണ് സാധാരണ ജനങ്ങളെന്ന് ഭരണകൂടങ്ങൾക്ക് നന്നായറിയാം. എന്നിട്ടും ജനങ്ങളെ അവിശ്വസിക്കുന്നതിന് പിന്നിൽ, ജനങ്ങൾക്ക് അധികാരം നൽകുന്നതിലുള്ള അധികാരിവർഗ്ഗത്തിന്റെ ഭയമാണ് നിഴലിക്കുന്നത്. അവർ തന്നെയാണ് ഗ്രാമസഭകളെ ആനുകൂല്യവിതരണത്തിനുള്ള സംവിധാനമാക്കി മാറ്റിയത്. അതിനപ്പുറം ജനങ്ങൾക്ക് അവരുടെ തീരുമാനങ്ങളെടുക്കാൻ കഴിയുന്ന ഇടങ്ങളായി ഗ്രാമസഭകളെ മാറ്റിത്തീർക്കേണ്ടതുണ്ട്. ഗ്രാമസഭകളെയും, ജനങ്ങളെയും ഇത്തരത്തിൽ അവിശ്വസിക്കുന്നത് ആ സാധ്യതയെ അടച്ചുകളയും.

ഒരു ശാസ്ത്രീയ രേഖ തയ്യാറാക്കപ്പെടുന്നത് പാറപോലെ ഉറച്ച വസ്തുതകളിൽ നിന്നുകൊണ്ടാണ്. ആ വസ്തുതകളെ വിശകലനം ചെയ്തും വ്യാഖ്യാനിച്ചും നിഗമനങ്ങളിലേക്കെത്തുന്ന കൃത്യമായ ഒരു നിർദ്ധാരണരീതി ശാസ്ത്രത്തിനുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ട് വായിച്ചാൽ അത് കാണാൻ കഴിയും. ഗാഡ്ഗിൽ റിപ്പോർട്ട് ആദ്യം പറയുന്ന വസ്തുതകളും ഒടുവിൽ എത്തിച്ചേരുന്ന തീർപ്പുകളും തമ്മിൽ ഒരു കാര്യകാരണ ബന്ധം നിങ്ങൾക്ക് കണ്ടെത്താൻ കഴിയും.

**ഏതാണ് ശാസ്ത്രീയ റിപ്പോർട്ട്?**

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഏതാണ് ശാസ്ത്രീയം എന്ന സംശയവും സാധരണയായി ഉന്നയിക്കപ്പെടാറുണ്ട്. ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽതന്നെ അതിനുത്തരം നൽകാനാണ് ഞാൻ ശ്രമിക്കുന്നത്. ഒരു ശാസ്ത്രീയ രേഖ തയ്യാറാക്കപ്പെടുന്നത് പാറപോലെ ഉറച്ച വസ്തുതകളിൽ നിന്നുകൊണ്ടാണ്. ആ വസ്തുതകളെ വിശകലനം ചെയ്തും വ്യാഖ്യാനിച്ചും നിഗമനങ്ങളിലേക്കെത്തുന്ന കൃത്യമായ ഒരു നിർദ്ധാരണരീതി ശാസ്ത്രത്തിനുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ട് വായിച്ചാൽ നിങ്ങൾക്ക് അത് കാണാൻ കഴിയും. ഗാഡ്ഗിൽ റിപ്പോർട്ട് ആദ്യം പറയുന്ന വസ്തുതകളും ഒടുവിൽ എത്തിച്ചേരുന്ന തീർപ്പുകളും തമ്മിൽ ഒരു കാര്യകാരണ ബന്ധം നിങ്ങൾക്ക് കണ്ടെത്താൻ കഴിയും. കസ്തൂരിരംഗൻ റിപ്പോർട്ടിൽ അതിന്റെ കാര്യമായ അഭാവമുണ്ട്. മോരും മുതിരയും പോലെ റിപ്പോർട്ട് ആദ്യം പറഞ്ഞതും രണ്ടാമത് പറഞ്ഞതുമായ കാര്യങ്ങൾ വേർപിരിഞ്ഞ് കിടക്കുന്നത് കാണാം. അതുകൊണ്ടാണ് ഇന്ത്യയിലെ ശാസ്ത്രസമൂഹം ഒന്നാകെ കസ്തൂരിരംഗൻ റിപ്പോർട്ടിനേക്കാൾ ഗാഡ്ഗിൽ റിപ്പോർട്ടിനെ വിലമതിക്കുന്നത്.

**ഇടുക്കിക്കാർ സത്യം പറയണം**

ഇടുക്കി ജില്ലയിലെ കർഷകരാണ് അവിടുത്തെ പരിസ്ഥിതി സംരക്ഷിച്ച് നിർത്തിയതെന്ന ഒരു വാദം ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഉന്നയിക്കുന്നത് കേട്ടു. അതിൽ വലിയൊരു നുണയുണ്ട്. മറച്ചുവയ്ക്കപ്പെട്ട ഒരുപാട് സത്യങ്ങളുണ്ട്. കീടനാശിനി ഉപയോഗം ഇത്രയേറെ മാരകമായി നടക്കുന്ന ജില്ല കേരളത്തിൽ വേറെയില്ല. ഫംഗസ് ബാധ ഒഴിവാക്കുന്നതിനായി ഏലത്തോട്ടത്തിൽ 21 ദിവസം കൂടുമ്പോൾ തളിക്കുന്ന കീടനാശിനികളുടെ ദുരന്തവ്യാപ്തി പുറംലോകം ഇനിയും അറിഞ്ഞുതുടങ്ങിയിട്ടില്ല. തമിഴ്നാട്ടിലെ തേനിയിൽ നിന്നും വരുന്ന 25 വയസിൽ താഴെ പ്രായമുള്ള കുട്ടികളാണ് പല തോട്ടങ്ങളിലും മരുന്ന് തളിക്കുന്നത്. അതിലും പ്രായം കൂടിയവർക്ക് ആ മരുന്ന് തളിക്കാൻ കഴിയില്ല. അവർ ശ്വാസംമുട്ടി പിന്മാറും. തേനിയിലെ മെഡിക്കൽകോളേജിലെ ഓങ്കോളജി വിഭാഗത്തിൽ ക്യാൻസർ രോഗികൾ കൂടിക്കൊണ്ടിരിക്കുന്നതിന്റെ വലിയ പങ്ക് ഇടുക്കിയിലെ തോട്ടങ്ങൾക്കുണ്ട്. ഇടുക്കി ജില്ലയിൽ ക്യാൻസർ രോഗികൾ വർദ്ധിച്ചിട്ടുള്ള വസ്തുത തുറന്നു സമ്മതിക്കാൻ ഇപ്പോൾ ബഹളം വയ്ക്കുന്നവർ തയ്യാറാകണം. ഇടുക്കിയിലെ പല ഉൾനാടുകളിലും ചെന്നാൽ അരുവികളിൽ തെളിനീരുപോലെ വെള്ളമുണ്ടാകും. എന്നാൽ ഒരു മീനിനെപ്പോലും നിങ്ങൾക്ക് അതിൽ കണ്ടെത്താൻ കഴിയില്ല. ഏലത്തോട്ടങ്ങളിൽ തളിക്കുന്ന വിഷം നീർച്ചാലുകളിലേക്കെത്തുന്നതാണ് കാരണം. ഇതെല്ലാം മറച്ചുവച്ചാണ് നിങ്ങൾ സമരം ചെയ്യുന്നതെന്ന് ഇടയ്ക്ക് ഓർക്കുന്നത് നല്ലതാണ്. അതുകൊണ്ടാണ് സമരം പലപ്പോഴും അക്രമത്തിലേക്ക് വഴിമാറുന്നത്. കാര്യങ്ങളെ കായികമായി നേരിടാൻ ഒരാൾ തയ്യാറാകുന്നതിനർത്ഥം അയാൾ തോറ്റിരിക്കുന്നു എന്നാണ്. ആശയപരമായി നേരിടാനുള്ള ഇന്ധനം തീർന്നുപോകുമ്പോഴാണ് തീവയ്ക്കുന്നതും കല്ലെറിയുന്നതും ശീലമായി മാറുന്നത്. അതാണ് ഇപ്പോൾ ഇടുക്കിയിൽ നടക്കുന്നത്.

തീരദേശ പരിപാലന നിയമം വന്നപ്പോൾ തീരത്തുള്ളവർ എന്തുകൊണ്ടാണ് അതിനെ ഈ രീതിയിൽ എതിർക്കാതിരുന്നത്? അവർക്കുചുറ്റുമുള്ള പരിസ്ഥിതിക്ക് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് തീരദേശത്തു

ള്ളവർക്ക് ഇന്ന് നന്നായറിയാം. ചാവക്കാട് പോലെയുള്ള തീരപ്രദേശത്ത് പോയാൽ, അതാ ഞാൻ ജനിച്ചത് അവിടെയായിരുന്നു വെന്ന് കടലുചൂണ്ടിക്കാട്ടി നാട്ടുകാർ പറഞ്ഞുതരും. ഭൂമിക്ക് പട്ടയമുണ്ട്, പക്ഷെ ആ ഭൂമി ഇപ്പോൾ കടലിനടിയിലാണെന്ന് മാത്രം. അത്രയ്ക്ക് രൂക്ഷമായി കര കടലെടുത്തു കൊണ്ടിരിക്കുകയാണ്. ഈ പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ച് തീരദേശവാസികൾക്ക് ഇന്ന് നല്ല ബോധ്യമുണ്ട്. കേരളത്തിലെ മലയോരങ്ങളും സമാനമായ അവസ്ഥയിലാണുള്ളത്. എന്നാൽ ആ ബോധ്യം അവർ ഏതോ സ്ഥാപിതതാത്പര്യങ്ങൾക്കായി മറച്ചു വയ്ക്കുന്നെന്നുമാത്രം.

**വികസനത്തിന്റെ ഭരണകൂടരൂപം**

കൃത്രിമമായി കായൽ കുഴിച്ച് കൊച്ചിയിലുണ്ടാക്കിയ തുറമുഖമാണ് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ. വല്ലാർപ്പാടം തുറമുഖത്തിന്റെ അനുബന്ധ വികസനപരിപാടികൾക്കായി തുറമുഖത്തോട് ചേർന്ന് ബോൾഗാട്ടിയിൽ കായൽ നികത്താൻ പോർട്ട് ട്രസ്റ്റ് സർക്കാറിനോട് അനുമതി ചോദിച്ചു. കണ്ടെയ്നർ ടെർമിനലിനും തുറമുഖാനുബന്ധ വികസനത്തിനും മാത്രമായാണ് തീരദേശ നിയന്ത്രണ നിയമങ്ങളിൽ ഇളവ് നൽകി കായൽ നികത്താൻ അനുമതി കൊടുത്തത്. അനുമതി കിട്ടിയയുടൻ പോർട്ട് ട്രസ്റ്റ് കായൽ നികത്തിയെടുത്തു. നികത്തിയ സ്ഥലം തുറമുഖത്തിൽ നിന്നും വളരെ ദൂരത്തായിപ്പോയെന്നും ഉപയോഗിക്കാൻ പറ്റുന്നില്ലെന്നും അതുകൊണ്ട് അത് പാട്ടത്തിന് കൊടുക്കാൻ അനുമതി വേണമെന്നും കാണിച്ച് പോർട്ട് ട്രസ്റ്റ് വീണ്ടും സർക്കാറിന് അപേക്ഷ നൽകുന്നു. വളരെ കുറഞ്ഞ തുകയ്ക്ക് യൂസഫലി ആ സ്ഥലം പാട്ടത്തിനെടുത്ത് കൺവെൻഷൻ സെന്റർ തുടങ്ങാനുള്ള നടപടികളാരംഭിക്കുന്നു. സംഭവം വിവാദമായതോടെ ആരാണ് അനുമതി കൊടുത്തത് എന്നതിന്റെ പേരിൽ ഭരണപക്ഷവും പ്രതിപക്ഷവും തമ്മിൽ തർക്കമായി. എന്നാൽ ഭരണകൂടമൊന്നാകെ മുന്നോട്ട് വയ്ക്കുന്ന ഒരു വികസനനയത്തിന്റെ ഭാഗമായി സംഭവിച്ചതാണ് ഈ അഴിമതിയെന്നാണ് നാം മനസ്സിലാക്കേണ്ടത്. ഭരണകൂടം എന്ന് പറയുന്നത്, ഭരിക്കുന്ന സർക്കാർ മാത്രമല്ല, നിയമസഭയ്ക്കുള്ളിൽ ഇരിക്കുന്ന എല്ലാ ജനപ്രതിനിധികളും, അവരുണ്ടാക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്ന മുഴുവൻ സർക്കാർ വകുപ്പുകളും, ഈ ജനപ്രതിനിധികളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയപാർട്ടികളുമെല്ലാം ചേരുന്നതാണ് ഭരണകൂടം. ഒപ്പം ഇവരെ സഹായിക്കുന്ന മാഫിയകളും ഇന്ന് ഭരണകൂടത്തിന്റെ ഭാഗമാണ്. ഭരണകൂടത്തിന്റെ വികസനനയം ഒന്നാണ്. അതിന് ഭരണ-പ്രതിപക്ഷ ഭേദമില്ല. ഇടതു-വലതു ഭേദമില്ല. ദ്രുതഗതിയിലുള്ള വികസനം വേണമെന്നതിൽ വലിയ യോജിപ്പ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ ഭരണകൂടത്തിൽ നിന്നും ജനങ്ങളെ ആരു രക്ഷിക്കും എന്നതാണ് ഉന്നയിക്കപ്പെടേണ്ട ചോദ്യം. ഇന്ന് ജനങ്ങൾ മാത്രമാണ് പ്രതിപക്ഷത്തുള്ളത്.

എഡ്വേഡ് ആൽബി എന്ന മരുഭൂമിയിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പഠിച്ച പ്രമുഖനായ ഒരു ശാസ്ത്രജ്ഞൻ പറഞ്ഞകാര്യമുണ്ട്. ഏതൊരു ദേശസ്നേഹിയുടെയും കടമയാണ് സ്വന്തം സർക്കാറിൽ നിന്നും സ്വന്തം നാടിനെ രക്ഷിക്കുക എന്നത്. അതാണ് ഇന്ന് നമ്മളും ആലോചിക്കേണ്ടിയിരിക്കുന്നത്. ■


കേരളീയം

**15-ാം വാർഷികാഘോഷം**

**2013 നവംബർ – 2014 ജനുവരി**

2013 നവംബറിൽ കേരളീയം മാസിക **15 വർഷം പൂർത്തിയാക്കുന്നു.** 2013 നവംബർ മുതൽ 2014 ജനുവരി വരെ നീണ്ടുനിൽക്കുന്ന പരിപാടികളോടെ **വാർഷികം ആഘോഷിക്കുന്നു.** പുസ്തക പ്രസാധനം, ദേശീയ സെമിനാർ, പ്രത്യേക ലക്കങ്ങൾ, ലഘുലേഖകളുടെയും ലേഖന സമാഹാരങ്ങളുടെയും പ്രസിദ്ധീകരണം, 2000 പേർ പങ്കെടുക്കുന്ന സൈക്കിൾ റാലി, കേരളീയം ഡിജിറ്റൽ ആർക്കൈവ് പൂർത്തിയാക്കൽ, മാധ്യമ പരിശീലന പരിപാടികൾ, സാമൂഹിക പ്രവർത്തക ക്യാമ്പ്, ആദിവാസി മാധ്യമ പഠിതാക്കൾക്കുള്ള സ്കോളർഷിപ്പ് പരിപാടിയുടെ ഉദ്ഘാടനം തുടങ്ങിയ പരിപാടികളുമായാണ് വാർഷികാഘോഷം. **15-ാം പിറന്നാൾ പരിപാടികളിൽ എല്ലാ വായനക്കാരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.**



**കേരളീയം വരിസംഖ്യ**

**300 രൂപ**

**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**

**എഴുതുക/വിളിക്കുക/അയക്കുക**

**കേരളീയം, കൊക്കാലെ, തൃശൂർ-21**
ഫോൺ : 0487 2421385, 9446576943